**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2356** **12-12-2022 - ൽ മറുപടിയ്ക്ക്**

**അവയവദാനം സുതാര്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃതസഞ്ജീവനി പദ്ധതി സജീവമാക്കാനും നേരായ വഴിയിലുള്ള അവയവദാനങ്ങളിലൊന്നു പോലും സാങ്കേതിക കാരണങ്ങളാൽ വൈകാതിരിക്കുവാനും പ്രസ്തുത മേഖലയിലെ പരാതികൾ പരിഹരിച്ച് അവയവദാനം സുതാര്യമാക്കുവാനുമായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള 1994 ലെ മനുഷ്യാവയവം കൈമാറ്റ നിയമം അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് അവയവദാന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഈ രംഗത്ത് സമഗ്രമായ ഇടപെടൽ നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ.സോട്ടോ) 2021-ൽ സ്ഥാപിക്കുകയും മുൻ പദ്ധതിയായ മൃതസഞ്ജീവനി ഇതിൽ ലയിപ്പിക്കുകയും ചെയ്തു. ഈ സൊസൈറ്റിയുടെ അടിസ്ഥാന ലക്ഷ്യം ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ദാതാക്കളിൽ നിന്നുള്ള അവയവദാന പ്രക്രിയയുടെ നിയന്ത്രണവും കാര്യക്ഷമതയും ഉറപ്പുവരുത്തുകയുമാണ്. ആവശ്യമുള്ളവർക്ക് ന്യായമായും നീതിപൂർവ്വമായും അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്താൻ സഹായിക്കുക എന്നതും സുപ്രധാന ലക്ഷ്യങ്ങളാണ്.<br><br>അവയവദാനം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം ആവശ്യമുണ്ടെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവയവദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കെ-സോട്ടോ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നു. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി അവയവ ദാനത്തിന്റെ ശാസ്ത്രീയ വശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ ആശുപത്രികളിൽ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ ബോധവൽക്കരണ പ്രചാരണ പരിപാടികളും കെ-സോട്ടോ നടത്തി വരുന്നു. അവയവദാനം, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവ കൂടുതൽ ശാസ്ത്രീയവും |

| | | | |
|---|---|---|---|
| | | | കാര്യക്ഷമവുമായി നടത്തുന്നതിലേക്കായി ഒരു പ്രോട്ടോക്കോൾ കെ-സോട്ടോ തയ്യാറാക്കി വരുന്നു. അവയവദാനം, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവയുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമായി വിദഗ്ധ കമ്മറ്റികൾ രൂപീകരിക്കുന്നതിന് ശിപാർശ സമർപ്പിക്കുന്നതിന് കെ-സോട്ടോ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് അവയവം സ്വീകരിക്കാനായി രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്ര; വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | അവയവം ലഭിക്കാനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>വൃക്ക - 2246<br><br>കരൾ - 755<br><br>ഹൃദയം - 63<br><br>ഒന്നിൽ കൂടുതൽ അവയവങ്ങൾക്കായി കാത്തിരിക്കുന്ന രോഗികൾ - 51 |
| (സി) | അവയവമാറ്റം നടത്തുന്ന പാവപ്പെട്ടവരായ രോഗികൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകുന്നത്; ഇതിനുവേണ്ടിയുള്ള നടപടി ക്രമങ്ങൾ വിശദീകരിക്കാമോ; അപേക്ഷ സമർപ്പിക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാം; സ്വകാര്യ ആശുപത്രികളിൽ ചികിൽസിച്ചാൽ പ്രസ്തുത ധനസഹായം ലഭിക്കുമോ; | (സി) | അവയവമാറ്റം നടത്തുന്ന പാവപ്പെട്ടവരായ രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) എംപാനൽഡ് ആശുപത്രികൾ വഴി സഹായം നൽകുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് മെഡിസെപ് വഴി അവയവമാറ്റത്തിന് സഹായം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആശ്വാസ് പദ്ധതി വഴി അവയവമാറ്റം കഴിഞ്ഞ രോഗികൾക്ക് സൗജന്യ മരുന്ന് നൽകിവരുന്നു. സാമൂഹിക സുരക്ഷ പദ്ധതി പ്രകാരം അവയവമാറ്റം കഴിഞ്ഞ രോഗികൾക്കു പ്രതിമാസം 1600 രൂപ പെൻഷൻ നൽകുന്നുണ്ട്. ഈ പദ്ധതിയിലൊന്നും ഉൾപ്പെടാത്ത നിർധനരായ രോഗികൾക്കു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ സഹായം നൽകാറുണ്ട്. ചികിത്സ സഹായം ലഭിക്കുന്നതിനായി ചികിത്സയുമായി ബന്ധപ്പെട്ട രേഖകൾ ആധാർ, റേഷൻ കാർഡ് എന്നിവയുടെ കോപ്പിയും ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതായിട്ടുണ്ട്. |
| (ഡി) | അവയവമാറ്റം നടത്തുന്നതിന് അനുവാദം നൽകുന്ന കമ്മിറ്റികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ആയത് എത്രയും വേഗത്തിൽ കൂട്ടുന്നതിനും പാവപ്പെട്ട രോഗികളുടെ ജീവൻ രക്ഷപ്പെടുത്തുന്നതിനായി ഇത്തരം കമ്മിറ്റികൾ മാസത്തിൽ ഒന്നിൽകൂടുതൽ തവണ വിളിച്ച് ചേർക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | അടുത്ത ബന്ധുക്കൾ തമ്മിലുള്ള അവയവ മാറ്റം നടത്തുന്നതിന് അതാതു അശുപത്രിയിൽ തന്നെ ഉള്ള കമ്മറ്റിയാണ് അനുവാദം നൽകുന്നത്. ബന്ധുവേതര അവയവദാനത്തിനായി ജില്ലാ തല ഓതറൈസേഷൻ കമ്മറ്റിയിൽ നിന്നും അനുവാദം ലഭിക്കേണ്ടതായിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ജില്ലാ തല ഓതറൈസേഷൻ കമ്മറ്റികൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ ജില്ലാ തല ഓതറൈസേഷൻ കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ കൂടുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിലും ജില്ലാ തല ഓതറൈസേഷൻ കമ്മറ്റികൾ വിളിച്ച് ചേർക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ